# മന്ത്രങ്ങൾ, ഏലസ്സുകൾ

അബൂബശീറിൽ അൻസാരിﷺ പറയുന്നു:

أَنَّهُ كَانَ مَعَ رَسُولِ اللَّهِ ﷺ فِي بَعْضِ أَسْفَارِهِ. فَأَرْسَلَ رَسُولاً: «أَنْ لاَ يَبْقَيَنَّ فِي رَقَبَةِ بَعِيرٍ قِلاَدَةٌ مِنْ وَتَرٍ, أَوْ قِلاَدَةٌ, إِلاَّ قُطِعَتْ».

അദ്ദേഹം നബിﷺയോടൊപ്പം യാത്രയിലായിരിക്കെ, "ഒരൊട്ടകത്തിന്റെ കഴുത്തിലും നൂലുകൊണ്ടുള്ള ഒരു വടവും അവശേഷിക്കരുത്; അവ പൊട്ടിച്ചുകളയാതെ" എന്ന സന്ദേശവുമായി നബിﷺ ഒരു ദൂതനെ നിയോഗിച്ചയച്ചു. (ബുഖാരി)

ഇബ്നു മസ്ഊദ്ﷺവിൽനിന്ന് നിവേദനം:

«إِنَّ الرُّقَى وَالتَّمائِمَ وَالتِّوَلَةَ شِرْكٌ»

നബിﷺ പറയുന്നത് ഞാൻ കേട്ടു: "തീർച്ചയായും (ശിർക്കൻ) മന്ത്രങ്ങളും ഏലസ്സുകളും ക്ഷുദ്രവിദ്യകളും ശിർക്കാകുന്നു." [1]

അബ്ദുല്ലാഹിബ്നു ഉകൈമിﷺവിൽനിന്ന് നിവേദനം:

«مَنْ تَعَلَّقَ شَيْئاً وُكِلَ إِلَيْهِ»

"വല്ലവനും വല്ലതും കെട്ടി ബന്ധിച്ചാൽ അതിലേക്ക് (കെട്ടി ബന്ധിച്ചതിലേക്ക് അവനും അവന്റെ കാര്യങ്ങളും) ഏൽപ്പിക്കപ്പെടും" [2]

**തമാഇമുകൾ (ഏലസ്സുകൾ)**: കണ്ണേറ് കാക്കുവാൻ കുട്ടികളിൽ ബന്ധിക്കപ്പെടുന്നവയാണ് ഏലസ്സുകൾ. പക്ഷേ ക്വുർആൻ വചനങ്ങളാണ് കെട്ടിബന്ധിക്കപ്പെടുന്നത് എങ്കിൽ ചില പൂർവ്വികർ

---

[1] മുസ്നദു അഹ്മദ്, സുനനു അബീദാവൂദ്. അൽബാനി ഹദീഥിനെ 'സ്വഹീഹാ'ക്കിയിട്ടുണ്ട്.

[2] മുസ്നദു അഹ്മദ്, സുനനുത്തിർമുദി. അൽബാനി ഹദീഥിനെ 'ഹസനാ'ക്കിയിട്ടുണ്ട്.

അതിൽ ഇളവനുവദിച്ചിട്ടുണ്ട്. ചിലരാകട്ടെ ഇളവ് അനുവദിക്കാതിരിക്കുകയും അവയും നിരോധിക്കപ്പെട്ട (ഏലസ്സുകളിൽ) ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇബ്നു മസ്ഊദ്ﷺ അവരിൽപ്പെടുന്നു.

**റുക്വാ:** അവയ്ക്കത്രെ മന്ത്രങ്ങൾ എന്ന് പറയപ്പെടുന്നത്. ശിർക്കിൽനിന്ന് മുക്തമായവയെ തെളിവുകൾ പ്രത്യേകമാക്കുകയും കണ്ണേറ്, വിഷബാധ എന്നിവയിൽ (അത്തരം മന്ത്രങ്ങളിൽ) റസൂൽﷺ ഇളവ് അനുവദിക്കുകയും ചെയ്തിരിക്കുന്നു.

**തിവലത്ത്:** ഭാര്യാഭർത്താക്കന്മാർക്കിടയിൽ സ്നേഹമുണ്ടാക്കുമെന്ന ജല്പനത്തോട്കൂടി ആളുകൾ നിർമ്മിക്കുന്നതാണ് തിവലത്ത്.

റുവൈഫിഅ്ﷺവിൽനിന്നും നിവേദനം: അദ്ദേഹം പറഞ്ഞു; എന്നോട് അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«يا رُوَيْفع! لعلَّ الحياةَ تَطُولُ بك، فأخبِرِ الناسَ أنَّ مَن عقَد لحيتَه، أو تقلَّد وتراً، أو استنجى برجيع دابَّة أو عظْم، فإن محمداً بريءٌ منه».

''റുവൈഫിഅ്, താങ്കൾ ദീർഘകാലം ജീവിച്ചേക്കാം അപ്പോൾ, താങ്കൾ ജനങ്ങളോട് പറയുക: ആര് തന്റെ താടിയെ ബന്ധിച്ചുവോ അല്ലെങ്കിൽ വത്റിനെ (വടം) ധരിച്ചുവോ അല്ലെങ്കിൽ മൃഗങ്ങളുടെ കാഷ്ടം കൊണ്ടോ എല്ല് കൊണ്ടോ മലമൂത്രശുചീകരണം നടത്തിയോ അവനിൽ നിന്ന് മുഹമ്മദ് നിരുത്തരവാദിയാണ്, തീർച്ച.''[1]

സഈദ് ഇബ്നു ജുബൈർ ﷺ പറയാറുണ്ടായിരുന്നു:

"من قطع تميمة من إنسان، كان كعِدْل رقبة"

''ആരെങ്കിലും വല്ലവരുടേയും ശരീരത്തിൽ നിന്ന് ഏലസ്സ് മുറിച്ചുകളഞ്ഞാൽ അയാൾ ഒരടിമയെ മോചിപ്പിച്ചവനെപ്പോലെയാണ്.'' (വകീഅ്)

ഇബ്റാഹീംﷺ നിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു:

"كانوا يكرهون التمائم كلَّها من القرآن وغير القرآن."

[1] മുസ്നദു അഹ്മദ്, സുനനു അബിദാവൂദ്, സുനനുന്നിസാഇ. അൽബാനി ഹദീഥിനെ 'സ്വഹീഹാ'ക്കിയിട്ടുണ്ട്.

# കിതാബുത്തൗഹീദ് 3

''അവർ ഏലസ്സുകളെ മുഴുവനും വെറുത്തിരുന്നു; ക്വുർആനിൽ നിന്നുള്ളതായാലും ക്വുർആൻ കൊണ്ടല്ലാത്തതായാലും.''
(വകീഅ്)

**<u>ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:</u>**

- 'റുക്വാ' യുടേയും 'തമാഇമി'ന്റേയും വിവരണം.
- 'തിവലതി'ന്റെ നിർവ്വചനം.
- ഇവ മൂന്നും ഒന്നും ഒഴിയാതെ എല്ലാം ശിർക്കിൽപ്പെട്ടതാണ്.
- കണ്ണേറിനും വിഷബാധക്കും ഹക്ക് ആയ വചനങ്ങൾ കൊണ്ട് മന്ത്രിക്കൽ ശിർക്കിൽ പെട്ടതല്ല.
- ഏലസ്സ്, ക്വുർആൻ കൊണ്ടാണെങ്കിൽ അത് നിഷിദ്ധമാണോ അല്ലയോ എന്നതിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്.
- കണ്ണേറ് തട്ടാതിരിക്കുവാൻ കാലികൾക്ക് വടംകെട്ടൽ ശിർക്കിൽ പെട്ടതാണ്.
- 'വടം' കെട്ടുന്നതിനെതിരിലുള്ള ശക്തമായ താക്കീത്.
- ഒരു മനുഷ്യനിൽനിന്ന് ഏലസ്സ് മുറിച്ചുമാറ്റുന്നതിന്റെ മഹത്വം.
- ഇബ്റാഹിം നഖഈﷺയുടെ വാക്ക് മുകളിൽ നാം സൂചിപ്പിച്ച അഭിപ്രായ വ്യത്യാസത്തിന് എതിരാവുകയില്ല. കാരണം, അദ്ദേഹം ഉദ്ദേശിക്കുന്നത് ഇബ്നു മസ്ഊദ്ﷺവിന്റെ ശിഷ്യന്മാരെ മാത്രമാണ് (അഥവാ അവർ ക്വുർആനിൽ നിന്നാകട്ടെ അല്ലാത്തവയിൽ നിന്നാകട്ടെ ഏലസ്സുകളെ മുഴുവൻ വെറുത്തിരുന്നു).

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**